ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണം 2004-ലെ ഷെഡ്യൂൾ നിരക്കുപ്രകാരം നേരത്തെ നൽകിയിരുന്ന 1970 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ പുതുക്കിവരുന്നു.

(ബി) ഇല്ല.

(സി) രണ്ടു മാസത്തിനകം നൽകാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് നടത്താൻ നടപടി

138 [1856] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ചെളി വന്നടിഞ്ഞതുമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് ജോലികൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന ആവശ്യം പരിഗണിക്കുമോ ;

(ഡി) ഇതു സംബന്ധമായി സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) അഴീക്കൽ ഫിഷിംഗ് ഹാർബർ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള 38 ലക്ഷം രൂപ ചെലവുവരുന്ന ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഫിഷറീസ് റോഡുകളുടെ പുനർനിർമ്മാണം

139 [1857] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, കെ. കെ. ഷാജു :

,, എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് പുനർനിർമ്മിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി എത്ര തുക ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട് ;

(സി) ഈ വർഷം ഫിഷറീസ് വകുപ്പ് പുനർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

		രൂപ	
(എ)	തിരുവനന്തപുരം ജില്ല		
1.	പൂന്തുറ ബസ്റ്റാൻഡ് ചെറിയ മുട്ടം റോഡ്	12.80	ലക്ഷം
2.	ചിലക്കൂർ-വള്ളക്കടവ് റോഡ്	10.00	,,
	കൊല്ലം ജില്ല		
3.	ശക്തികുളങ്ങര ഹാർബർ ജോൺ ബ്രിട്ടോ ചർച്ച് റോഡ്	04.25	,,
	എറണാകുളം ജില്ല		
4.	കല്ലഞ്ചേരിക്കായൽ റോഡ്	05.65	,,
5.	സ്വരാജ് റോഡ്	06.10	,,
6.	ശ്രീകൃഷ്ണ ടെമ്പിൾ റോഡ്	06.30	,,
	തൃശ്ശൂർ ജില്ല		
7.	കയ്പമംഗലം ബീച്ച് റോഡ്	14.25	,,
	കണ്ണൂർ ജില്ല		
8.	പഴയങ്ങാടി കോമത്ത് ബണ്ട് മൂല റോഡ്	10.50	,,
	കാസർഗോഡ് ജില്ല		
9.	പോസ്ബട്ട് കണ്വതീർത്ഥ റോഡ്	10.00	,,

(ബി) ഫിഷറീസ് റോഡുകൾ പുനർനിർമ്മിക്കുന്നതിന് 222.15 ലക്ഷം രൂപ ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് പൂർത്തിയായിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly